ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

208(1463) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ :

(ബി) വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ ;

(സി) വകുപ്പ് പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) ജില്ലാ ആഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മേഖലാ ആഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇൻഷ്വറൻസ് വകുപ്പിൽ എത്ര കോടി രൂപയുടെ ബിസിനസ് ആണ് പ്രതിവർഷം നടക്കുന്നത് ;

(എഫ്) ബിസിനസ് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വകുപ്പിന് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും വകുപ്പിന്റെ അകൗണ്ടിംഗ് സമ്പ്രദായം പരിഷ്ക്കരിക്കുന്നതിനുമായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ഐ.സി.എ.ഐ.) നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 28-1-2010-ലെ ജി.ഒ. (സാധാ) 687/2010ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുക അനുമതി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനും ഹാർഡ്വെയർ ലഭ്യമാക്കുന്നതിനുമായ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകുന്നതിനുമായി ഇൻഷ്വറൻസ് ഡയറക്ടർ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ഉന്നത തല സാങ്കേതിക സമിതി (എച്ച്.എൽ.റ്റി.സി.) രൂപീകരിച്ചിട്ടുണ്ട്. ഐ.സി.എ.ഐ. തയ്യാറാക്കിയ സോഫ്റ്റ്വെയർ ഐഡന്റിഫിക്കേഷൻ റിപ്പോർട്ട് ഉന്നത തല സാങ്കേതിക സമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയർ നിർമ്മാണത്തിന് കെൽട്രോണുമായി ചർച്ചകൾ നടത്തുകയും ഒരു സമവായത്തിൽ എത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ്വെയർ, ഹാർഡ്വെയർ എന്നിവ സംബന്ധിച്ച് കെൽട്രോൺ നൽകിയ പ്രൊപ്പോസലുകൾ ഉന്നതതല സാങ്കേതിക സമിതി അംഗീകരിക്കുകയും 21-8-2010 ലെ 6397/10/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,22,82,982 രൂപ നൽകി വകുപ്പിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ചെയ്തു അതിനു ശേഷം 1,17,25,000 രൂപയ്ക്ക് വകുപ്പിനാവശ്യമായ ഹാർഡ് വെയറുകൾ കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയും (ജി.ഒ(ആർ.റ്റി) നമ്പർ568/11/ധന തീയതി 25-1-2011 നൽകി.

കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ അടിസ്ഥാന ഡാറ്റ ശേഖരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ വഴി നടപടികൾ സ്വീകരിച്ചു. 7 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ. പോളിസികളുടെ ഡാറ്റാ ബേസ് ഇതിനോടകം തയ്യാറാക്കി കഴിഞ്ഞു. 5 ലക്ഷത്തോളം വരുന്ന ജി.ഐ.എസ്. വരിക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കെൽട്രോൺ മുഖാന്തിരം സോഫ്റ്റ്വെയർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നെറ്റ് വർക്കിംഗ് കേബിളിംഗ് എന്നിവ ഊർജ്ജിതമായി നടത്തിവരുന്നു. ഫെബ്രുവരി അവസാനത്തോടെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർണ്ണമാകുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം അന്തിമഘട്ടത്തിലാണ്.

(സി) സർക്കാർ ജീവനക്കാർക്കുള്ള ധനവർഷ ധന സമൃദ്ധി എന്നീ രണ്ട് പുതിയ ഇൻഷ്വറൻസ് പദ്ധതികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും പെൻഷൻകാർക്കും ഉള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇല്ല.

(ഇ) ഇൻഷ്വറൻസ് വകുപ്പിൽ 445 കോടി രൂപയുടെ ബിസിനസ് ആണ് പ്രതിവർഷം നടക്കുന്നത്.

(എഫ്) ധനവർഷ ധന സമൃദ്ധി എന്നീ രണ്ട് പുതിയ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതു കൂടാതെ സർക്കാർ ജീവനക്കാർക്കും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി ഒരു ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയും വകുപ്പും വഴി നടത്തിവരുന്നുണ്ട്. ഇതിലൂടെ ബിസിനസ്സ് വർദ്ധിപ്പിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. വകുപ്പിനു സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. വകുപ്പ് വാണിജ്യ വൽക്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ആസ്ഥാനമന്ദിരം 2010 നവംബറിലാണ് ആധുനിക സൗകര്യങ്ങളോടു കൂടിയ കെ.റ്റി.ഡി.എഫ്.സി യുടെ കെട്ടിടത്തിലേക്ക് മാറിയത്.

[1251, 1253, 1261, 1262, 1263, 1269, 1272, 1275, 1301, 1303, 1304, 1305, 1306, 1307, 1308, 1317, 1329, 1330, 1341, 1343, എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.]

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly